"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ കൊങ്ങാട് കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകരായ ശ്രീ. അനന്തു. ഇ. വിനോദ്, ശ്രീമതി. രേഷ്മ.കെ.ആർ, ശ്രീമതി. ഐശ്വര്യ.യു എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C ) No.18882/2023-ന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 12.6.2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1932/2024/GEDN തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ കൊങ്ങാട് കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകനായ ശ്രീ. അനന്തു. ഇ. സർക്കാരിൽ സമർപ്പിച്ച 09/05/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P7).
2. പാലക്കാട് ജില്ലയിലെ കൊങ്ങാട് കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപികയായ ശ്രീമതി. രേഷ്മ.കെ.ആർ, സർക്കാരിൽ സമർപ്പിച്ച 09/05/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P8).
3. പാലക്കാട് ജില്ലയിലെ കൊങ്ങാട് കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകനായ ശ്രീമതി. ഐശ്വര്യ.യു സർക്കാരിൽ സമർപ്പിച്ച 09/05/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P9).
4. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 18882/2023 ന്മേലുള്ള 12.6.2023 തീയതി വിധിന്യായം.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30/09/2023 തീയതിയിലെ ഇഎം1/15784/2023/ഡിജിഇ നമ്പർ കത്ത്.
6. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29/09/2023 തീയതി രേഖപ്പെടുത്താത്ത DEOPKD/1926/2023-B5 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കൊങ്ങാട് കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകരായ ശ്രീ. അനന്തു. ഇ. വിനോദ്, ശ്രീമതി. രേഷ്മ.കെ.ആർ, ശ്രീമതി. ഐശ്വര്യ.യു എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (C ) No.18882/2023-ന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 4 വിധിന്യായത്തിൽ ഹർജിക്കാർ

സർക്കാരിൽ സമർപ്പിച്ച പരാമർശം 1 മുതൽ 3 വരെ (Ext.P7 മുതൽ P9 വരെ) പുന പരിശോധനാ ഹർജികൾ ഹർജിക്കാരെ കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ബന്ധപ്പെട്ട കക്ഷികളെ 3.10.2023-ൽ തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2. ഹർജിക്കാരുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു:

ഒന്നാം ഹർജിക്കാരൻ ശ്രീ. അനന്തു ഇ വിനോദ് യു.പി.എസ്.എ ആയി റിട്ടയർമെന്റ് വേക്കൻസിയിൽ 15.07.2021ന് നിയമിക്കപ്പെട്ടു. രണ്ടാം നമ്പർ ഹർജിക്കാരി രേഷ്മ.കെ.ആർ യു.പി.എസ്.എ ആയി 16.07.2021ന് നിയമിക്കപ്പെട്ടു. ശ്രീമതി പ്രേമകുമാരിയുടെ മരണാനന്തരം എ.ജി.രാധിക നായർ എച്ച്.എസ്.എ ആയി മേപ്പടി തസ്തികയിൽ സ്ഥാനക്കയറ്റം ലഭ്യമായതുവഴി ഉണ്ടായ ഒഴിവിലാണ് ഹർജിക്കാരിയെ നിയമിച്ചത്. മൂന്നാം റിവിഷൻ ഹർജിക്കാരി ഐശ്വര്യ.യു 01.06.2022ന് കെ.എസ്.ശശികല പെൻഷൻ പറ്റി പിരിഞ്ഞ ഒഴിവിൽ നിയമിക്കപ്പെട്ടു.

ഒന്നാം നമ്പർ ഹർജിക്കാരന്റെ നിയമനാംഗീകാരം താഴെ പറയുന്ന കാരണങ്ങളാൽ നിരസിക്കപ്പെട്ടു.

1. സർക്കാർ ഉത്തരവ് നം.29/2016 നൽകിയിരിക്കുന്ന സത്യപ്രസ്താവനയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.
2. മെഡിക്കൽ സർട്ടിഫിക്കറ്റ്, കോൺടക്ട് സർട്ടിഫിക്കറ്റ് എന്നിവ നിയമന തീയതിക്ക് മുൻപ് ഉള്ളതാണ് (09.07.2021)
3. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് കോടതിയുടെ വിധിന്യായപ്രകാരം സൂചന 2,3 എന്നിവ പ്രകാരം 18.11.2018ന് ശേഷം ഉണ്ടാകുന്ന ഒഴിവുകളിൽ നടത്തുന്ന നിയമനങ്ങളിൽ ഭിന്നശേഷി സംവരണം ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പാലിച്ചുകാണുന്നില്ല. സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിയമനം അംഗീകരിക്കാൻ നിർവ്വാഹമില്ല എന്ന് കാണുന്നു.

പി. ഡബ്ല്യൂ.ഡി കേസ് സംബന്ധിച്ച് താഴെ പറയുന്ന വസ്തുതകൾ സമർപ്പിക്കുന്നു-

പി.ഡബ്ല്യൂ.ഡി കേസ് സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് വിധി പ്രസ്താവിച്ചതിൻ പ്രകാരം 18.11.2018 മുതൽ 07.11.2021 വരെയുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് ശമ്പളത്തോടുകൂടി അംഗീകാരം നൽകാമെന്ന് നിഷ്കർഷിച്ച് ഉത്തരവായിട്ടുള്ളതാകുന്നു. 09.06.2023ലെ സർക്കാർ ഉത്തരവ് 74/2023 പ്രകാരം 18.11.2018 മുതൽ 08.11.2021 വരെയുണ്ടായ ഒഴിവുകളിൽ, 08.11.2021ന് ശേഷവും എന്ന് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. മറ്റു തടസ്സവാദങ്ങൾ അതായത് മെഡിക്കൽ സർട്ടിഫിക്കറ്റ്, കോൺടക്ട് സർട്ടിഫിക്കറ്റ് എന്നിവ നിയമന തിയതിക്ക് മുൻപുള്ളതാണ്, അതായത് 09.07.2021ന്. നിയമന തിയതിക്ക് തന്നെ തടസ്സവാദങ്ങളിൽ ഉന്നയിക്കപ്പെട്ട സംഗതികൾക്ക് സർട്ടിഫിക്കറ്റ് നൽകണമെന്ന വ്യവസ്ഥയുണ്ടെങ്കിൽ നിർദ്ദേശാനുസരണം നടപടി സ്വീകരിക്കുന്നതാണ്. ആകെയാൽ ഒന്നാം റിവിഷൻ ഹർജിക്കാരന്റെ നിയമന തിയതിയായ 15.07.2021 മുതൽ നിയമനാംഗീകാരം നൽകുവാൻ യാതൊരു തടസ്സവും നിലനിൽക്കുന്നില്ല. ബഹു.കേരള ഹൈക്കോടതി ഇക്കാര്യത്തിൽ വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹർജിക്കാരുടെ കേസ് പരിഗണിക്കുമ്പോൾ 1602/2022 നമ്പർ റിട്ട് അപ്പീലിലെ വിധികൂടി പരിഗണിക്കണം എന്ന് നിർദ്ദേശിച്ച് ഉത്തരവായിട്ടുള്ളതാകുന്നു. ഒന്നാം റിവിഷൻ ഹർജിക്കാരന്റെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് 19.04.2023ലെ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ തടസ്സവാദങ്ങൾ ദുർബലമാകുന്നതാണ്. നിയമാനുസൃതം റോസ്റ്റർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആകെയാൽ

റിവിഷൻ ഹർജിക്കാരിയുടെ നിയമനാംഗീകാരം ഒന്നാം റിവിഷൻ ഹർജിക്കാരന്റെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് 16.07.2021 മുതൽ അംഗീകാരം നൽകുന്നതിന് യാതൊരു നിയമ തടസ്സവും നിലനിൽക്കുന്നില്ല. മൂന്നാം നമ്പർ റിവിഷൻ ഹർജിക്കാരി യു.പി.എസ്.ടി ആയി 01.06.2022 മുതൽ നിയമിക്കപ്പെട്ടു. ഭിന്ന ശേഷി സംബന്ധിച്ച വിശദീകരണം നേരത്തേ സൂചിപ്പിച്ചിട്ടുണ്ട. സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയ തിയതി സംബന്ധിച്ച് ഒന്നാം നമ്പർ ഹർജിക്കാരന്റെ തടസ്സവാദങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ആകെയാൽ ഒന്നാം ഹർജിക്കാരന്റെ നിയമനാംഗീകാരം ലഭിക്കുന്ന മുറയ്ക്ക് രണ്ടും മൂന്നും ഹർജിക്കാരുടെ നിയമനാംഗീകാരവും ലഭിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ശ്രദ്ധേയമായ മറ്റൊരു കാര്യം ഷംനാസ് പി.എ.യെ ഭിന്നശേഷി തസ്തികയിൽ 01.06.2022ന് നിയമിച്ചു. 55 ശതമാനം ലോക്കോമോട്ടോർ വിഭാഗത്തിൽപ്പെടുന്ന ആളാണ് ഷംനാസ്. ആകെയാൽ 49/16 ആക്ടിലെ സെക്ഷൻ 39 പ്രകാരം നടപടി നിയമാനുസൃതം മാനേജർ സ്വീകരിച്ചിട്ടുണ്ട്. ആകെയാൽ ഹർജിക്കാരുടെ നിയമനാംഗീകാരം അംഗീകരിക്കുന്നതിന് യാതൊരു നിയമ തടസ്സങ്ങളുമില്ല.

മേൽ പ്രസ്താവിച്ച വസ്തുതകളുടെയും യാഥാർത്ഥ്യങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജിക്കാരുടെ നിയമനം നിയമന തിയതി മുതൽ റഗുലർ സ്കെയിൽ ഓഫ് പേയിൽ അംഗീകരിച്ച് നൽകുവാൻ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു.

3. സ്കൂൾ മാനേജർ ചുവടെ പറയും പ്രകാരം അറിയിച്ചിട്ടുണ്ട്.

ബഹു. കേരള ഹൈക്കോടതിയുടെ റിട്ട് ഹർജി നമ്പർ 18882/2023 നമ്പർ കേസിൽ മാനേജരായ ഞാൻ 4-ാം എതിർ കക്ഷിയാണ്. കേസ് സംബന്ധിച്ച വസ്തുതകൾ റിവിഷൻ ഹർജിയിലും റിട്ട് പെറ്റീഷനിലും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഹർജിക്കാർ ഉന്നയിച്ച വാദമുഖങ്ങൾ കണക്കിലെടുത്ത് ഹർജിക്കാരുടെ നിയമന തീയതി മുതൽ ശമ്പള സ്കെയിലിൽ അംഗീകാരം നൽകുവാൻ ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

4. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് എന്നിവർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പാലക്കാട് വിദ്യാഭ്യാസ ജില്ലയുടെ അധികാര പരിധിയിൽ വരുന്ന എയ്ഡഡ് വിദ്യാലയമാണ് കോങ്ങാട് കെ.പി.ആർ.പി ഹൈസ്കൂൾ. ടി സ്കൂളിലെ യു.പി.എസ്.ടി മാരാണ് പരാതിക്കാരായ ശ്രീ.അനന്ദു.ഇ വിനോദ്, രേഷ്മകെ.ആർ, ഐശ്വര്യ.യു എന്നിവർ.

15.7.2021 മുതലുള്ള ശ്രീ.അനന്ദു.ഇ വിനോദിന്റെ നിയമനം ഒരു വിരമിക്കൽ ഒഴിവിലും ശ്രീ.രേഷ്മ.കെ.ആർ 16/7/2021 മുതൽ ഒരു സ്ഥാനക്കയറ്റ ഒഴിവിലും ശ്രീമതി.ഐശ്വര്യ 1.6.2022 മുതൽ ഒരു വിരമിക്കൽ ഒഴിവിലും നിയമിതരായി.

ടി നിയമന പ്രൊപ്പോസലുകൾ ജില്ല വിദ്യാഭ്യാസ ആഫീസർ പരിശോധിച്ചു വരുന്ന സമയത്ത് ഭിന്നശേഷി സംവരണം സംബന്ധിച്ച സ്റ്റേ ഉണ്ടാവുകയും ആയതിനാൽ ഫയൽ നടപടി എടുക്കാതെ കാത്തു വയ്ക്കുകയും ചെയ്തു.

എന്നാൽ ഭിന്നശേഷി സംവരണം സംബന്ധിച്ച മാർഗ്ഗ രേഖയിൽ 8.11.2021 മുതൽ ഉണ്ടാകുന്ന ഒഴിവുകളിൽ സംവരണം ഉറപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതിലേക്കായി ഭിന്നശേഷിക്കാർക്കായി സംവരണം ഉൾപ്പെടുത്തിയ റോസ്റ്റർ സമർപ്പിക്കുവാനും അത് സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അർഹതയുള്ള ഭിന്നശേഷിക്കാരുടെ പട്ടിക ആവശ്യപ്പെടുകയും പ്രൊപ്പോസലിനൊപ്പം ആയത് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. നിയമനങ്ങൾ നൽകുന്നതിന് ഈ റോസ്റ്റർ പരിശോധിച്ച് സംവരണം ഉറപ്പുവരുത്തണമെന്നും

8.11.2021-ന് ശേഷം ഉണ്ടാവുന്ന ഒഴിവുകളിൽ നിർബന്ധമായി ഭിന്നശേഷി സംവരണം പാലിക്കണം എന്നും നിർദ്ദേശം നൽകിയിരുന്നു.

24.3.2023-ലെ സർക്കാർ ഉത്തരവ് 29/2023 തീയതിയിലെ സർക്കാർ ഉത്തരവിൽ 18.11.2018 മുതൽ ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ട് ഇപ്പോൾ നിയമന അംഗീകാരമില്ലാതെ തുടരുന്ന അദ്ധ്യാപക അനദ്ധ്യാപകരെ തൽസ്ഥാനങ്ങളിൽ നിന്നും മാറ്റി പ്രസ്തുത ഒഴിവിൽ ഉദ്യോഗാർത്ഥികളെ ലഭ്യമാകുന്ന മുറയ്ക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നത് വരെ പ്രസ്തുത ഒഴിവിൽ നിയമിതനായ അദ്ധ്യാപകന് താൽക്കാലികമായി നിയമനം നൽകി ശമ്പള സ്കെയിലിൽ അംഗീകാരം നൽകാനും ഉത്തരവിൽ പരാമർശിച്ചിരുന്നു. റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കാത്ത മാനേജ്മെന്റിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതില്ല എന്നും പരാമർശിച്ചിരുന്നു. മേൽ നിർദ്ദേശം കോങ്ങാട് കെ.പി.ആർ പി മാനേജർ പാലിക്കാത്തതിനാലും രേഖകൾ സമർപ്പിച്ചതിലെ അപാകതകൾ മൂലവും നിയമനങ്ങൾ ജില്ല വിദ്യാഭ്യാസ ആഫീസർ നിരസിക്കുവാനായി നോട്ട് ഓർഡർ പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ നടപടിക്രമം തയ്യാറാക്കുന്നതിന് മുമ്പ് തന്നെ സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപ്പലേറ്റ് ഉത്തരവില്ലാതെ തന്നെ റീ ഓപ്പൺ ചെയ്ത് നടപടി സ്വീകരിച്ചു.

മാനേജർ സമന്വയ മുഖേന റോസ്റ്റർ സമർപ്പിച്ചു. എന്നാൽ അതിനു ശേഷം റിക്വസിഷൻ സമർപ്പിക്കുകയും ചെയ്തു. ആയതിനാൽ കാറ്റഗറി 2 (എച്ച്.എസ്)-ൽ മാത്രമാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് കാണുന്നത് കാറ്റഗറി 1ലും 3ലും ഇതിനകം ഭിന്നശേഷിക്കാരെ നിയമിച്ച സാഹചര്യത്തിലായിരിക്കണം മാനേജർ ഈ വിഭാഗത്തിൽ ഒഴിവ് റിപ്പോർട്ട് ചെയ്യാത്തതായി കാണുന്നത്. കാറ്റഗറി ഒന്നിൽ 1.6.2022 നും കാറ്റഗറി 3ൽ 2.3.2022ലും ഭിന്നശേഷിക്കാരനെ നിയമിച്ചു. ആയത് ഭിന്നശേഷിക്കാർക്കായി തസ്തികകൾ മാറ്റിവയ്ക്കേണ്ട കാലയളവിലേതല്ല (18.11.2018 മുതൽ 8.11.2021) മാറ്റിവച്ചിട്ടുള്ള തസ്തികകൾ എന്ന് കാണുന്നു. ആയതിനാൽ കാറ്റഗറി 1 ൽ 2 ഒഴിവുകൾ നിശ്ചിത കാലയളവിൽ വരികയും ആയതിൽ മേൽപറഞ്ഞ ഹർജിക്കാരെ നിയമിച്ചതായും കാണുന്നു. ആയതിനാൽ പ്രസ്തുത ഹർജിക്കാരുടെയും ഭിന്നശേഷിക്കാരന്റെയും (ശ്രീ.ഷംനാസ്.എ 1.6.2022) നിയമനം അംഗീകരിച്ചു കൊടുക്കേണ്ട തീയതിയിൽ വ്യക്തത വരുത്തണമെന്ന് ഡി.ഇ.ഒ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി സർക്കാരിൽ നിന്നും ആവശ്യപ്പെട്ട നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ ഒരു മറുപടി നൽകാനാവൂ എന്ന വിവരം സവിനയം അറിയിക്കുന്നു.

5. സർക്കാർ ഇക്കാര്യം ഹർജിക്കാരുടെയും മാനേജരുടെയും വാദങ്ങളും, അവർ സമർപ്പിച്ച രേഖകളും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടി സ്കൂളിൽ ഭിന്നശേഷിക്കാരനായ ശ്രീ.ഷംനാസ്.എ യെ നിയമിച്ചത് 1.6.2022 തീയതിയിലായതിനാൽ, അതായത്, സ.ഉ(കൈ) നം. 111/2022/പൊ.വി.വ ഉത്തരവ് തീയതിയ്ക്ക് മുൻപായതിനാൽ ശ്രീ.ഷംനാസിന് നിയമനാംഗീകാരം നൽകുന്നതോടൊപ്പം ഹർജിക്കാരായ മൂന്ന് പേർക്കും മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ റഗുലർ സ്കെയിലിൽ തന്നെ നിയമനാംഗീകാരം നൽകാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട് ജില്ലയിലെ കൊങ്ങാട് കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകരായ ശ്രീ.അനന്തു. ഇ വിനോദ്, ശ്രീമതി. രേഷ്മ.കെ.ആർ, ശ്രീമതി. ഐശ്വര്യ.യു എന്നിവർ

സർക്കാരിൽ സമർപ്പിച്ച പരാമർശം 1 മുതൽ 3 വരെ (Ext.P7 മുതൽ P9 വരെ) പുന പരിശോധനാ ഹർജികൾ തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 4 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂൾ,
കൊങ്ങാട്, പാലക്കാട്.
ശ്രീ.അനന്തു. ഇ വിനോദ്, അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകൻ,
കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂൾ, കൊങ്ങാട്, പാലക്കാട്.
ശ്രീമതി. രേഷ്മ.കെ.ആർ, അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപിക,
കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂൾ, കൊങ്ങാട്, പാലക്കാട്.
ശ്രീമതി. ഐശ്വര്യ.യു, അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപിക,
കെ.പി.ആർ.പി ഹയർ സെക്കന്ററി സ്കൂൾ, കൊങ്ങാട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
സെക്ഷൻ ഓഫീസർ
Date: 11-03-2024 10:51:57